# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും സാമ്പത്തിക പ്രശ്നങ്ങൾ</u>

1593 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളും മുൻസിപ്പാലിറ്റികളും നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) മുൻസിപ്പൽ കോമൺ സർവ്വീസിലെ ഹെൽത്ത് വിഭാഗത്തിലെ ശുചീകരണ ജോലിക്കാരൊഴികെ ബാക്കിയുള്ളവരെ ആരോഗ്യ വകുപ്പിലേക്ക് മാറ്റി നഗരസഭയുടെ സാമ്പത്തിക ഭാരം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും പദ്ധതി ചെലവ്

1594 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പദ്ധതി പ്രവർത്തനത്തിനായി എന്ത് തുകയാണ് അനുവദിച്ചത് ;

(ബി) ഇതുവരെ എന്ത് തുക ചെലവഴിച്ചു ;

(സി) ചെലവഴിച്ച തുക എത്ര ശതാമാനം ആണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

**നഗരസഭകളിലെ വസ്തു നികുതി പുനര്‍ നിര്‍ണ്ണയത്തിലെ അപാകതകള്‍**

1595 ശ്രീ. പി. ഉബൈദുള്ള
,, എന്‍. ഷംസുദ്ദീന്‍
,, സി. മോയിന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരസഭകളിലെ വസ്തു നികുതി പുനര്‍നിര്‍ണ്ണയവുമായി ബന്ധപ്പെട്ട് 2011 ജനുവരിയില്‍ സര്‍ക്കാര്‍ പുറപ്പെടുവിച്ച വിജ്ഞാപനത്തില്‍ നിരവധി അപാകതകള്‍ ഉളളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ അതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നഗരസഭകള്‍ക്ക് വരുമാന നഷ്ടമുണ്ടാക്കാത്ത വിധവും സാധാരണ വീട്ടുടമകള്‍ക്ക് അമിതഭാരം ഉണ്ടാക്കാത്ത വിധവും പ്രായോഗിക രീതിയില്‍ പുനര്‍നിര്‍ണ്ണയം നടത്താന്‍ ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

**<u>നഗരസഭകളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ പാട്ടത്തിനു കൊടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ</u>**

1596 ശ്രീ. ബാബു എം പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളുടെ ഉടമസ്ഥതയിലുള്ള പൊതു മാർക്കറ്റുകളിലേയോ ഷോപ്പിംഗ് കോംപ്ലക്സിലേയോ മുറികളോ പൊതുസ്ഥലമോ ലേലം ചെയ്തോ മറ്റു വിധത്തിലോ പാട്ടത്തിനു കൊടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ കരാറിലേർപ്പെട്ടവർ ബന്ധപ്പെട്ട നഗരസഭകൾ അറിയാതെ അവ കൈമാറ്റം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) ലൈസൻസ് പുതുക്കാതെയും കരാർ ഒപ്പു വയ്ക്കാതെയുമുള്ള എത്ര കേസ്സുകളാണ് 2011-12 കാലയളവിൽ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

നഗരസഭകളുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗം

1597 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ നൽകാറുള്ള വികസന ഫണ്ട് നഗരസഭകൾ യഥാസമയം വിനിയോഗിക്കുന്നുണ്ടോയെന്ന് വിലയിരുത്താറുണ്ടോ;

(ബി) എങ്കിൽ ഓരോ നഗരസഭയ്ക്കും ഇത്തരത്തിൽ 2011-12 -ൽ നൽകിയ ഫണ്ടും അവയുടെ വിനിയോഗവും തരംതിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

പരസ്യ നികുതികള്‍ പിരിച്ചെടുക്കാത്തതിനാല്‍
നഗരസഭകള്‍ക്കുണ്ടാകുന്ന നഷ്ടം

1598 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ നഗരസഭാ അതിര്‍ത്തിക്കുള്ളില്‍ യഥാസമയം പരസ്യ നികുതി പിരിക്കാത്തതിനാലും പരസ്യ ബോര്‍ഡുകളുടെ തറവാടകയും വാടകയിന്മേലുള്ള സേവന നികുതിയും ഈടാക്കാത്തതിനാലും നഗരസഭകളുടെ തനതു ഫണ്ടില്‍ ഗണ്യമായ കുറവുവരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) നഗരസഭയ്ക്കുതന്നെ പരസ്യ നികുതികള്‍ പിരിച്ചെടുക്കാമെന്നിരിക്കെ ലഭ്യമാകാനിടയുള്ള നികുതി തുകയേക്കാള്‍ ചെറിയതുകയ്ക്ക് നികുതി പിരിക്കാനുള്ള കരാര്‍ കൊടുക്കുന്നതുമൂലം നഗരസഭകള്‍ക്കുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

കെ.യു.ആർ.ഡി.എഫ്.സി വഴിയുള്ള പദ്ധതികൾ

1599 ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നികുതിയിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ വഴി എത്ര തുകയാണ് ധനസഹായമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്;

(സി) പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴി കെ.യു.ആർ.ഡി.എഫ്.സി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

**കേരള നിയമസഭ**
**11.02.2013-ലെ മറുപടിക്ക്**

<u>നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കൽ</u>

1600 ശ്രീ. റ്റി.യു. കുരുവിള
,, സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലും മുൻസിപ്പാലിറ്റികളിലും കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ നഗരസഭകളിലും മുൻസിപ്പാലിറ്റികളിലും ലോഫ്ളോർ ബസ്സുകൾ ഉൾപ്പെടെയുള്ള കേന്ദ്ര ഗവൺമെന്റ് പദ്ധതികൾ അടിയന്തരമായി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

**വിദേശ ഏജൻസികളിൽ നിന്ന് വായ്പ ലഭിക്കുന്ന നഗരസഭകൾ**

1601 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം നഗരസഭകൾക്കാണ് വിദേശ ഏജൻസികളിൽ നിന്ന് വായ്പ ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് വായ്പ നൽകുന്നത്;

(സി) ഓരോ ഏജൻസിയും ഈടാക്കുന്ന പലിശ നിരക്ക് എത്രയാണ്;

(ഡി) ആകെ എത്ര തുകയാണ് പ്രസ്തുത ഇനത്തിൽ ലഭ്യമാക്കിയിട്ടുളളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

ലോക ബാങ്ക് ധനസഹായത്തോടെയുള്ള
വികസന പദ്ധതി

1602 **ഡോ. ടി. എം. തോമസ് ഐസക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം കേരളത്തിലെ പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും ഉൾപ്പെടുത്തിക്കൊണ്ട് ലോക ബാങ്ക് ധനസഹായത്തോടെയുള്ള വികസന പദ്ധതി നടപ്പിലാക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയും അതിനായി ലോക ബാങ്ക് മുന്നോട്ട് വെച്ച നിബന്ധനകളും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പിലാക്കുകയുണ്ടായി?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

**<u>നഗരസഭകളിൽ ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെയുള്ള പദ്ധതികൾ</u>**

1603 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായത്തിൽ നഗരസഭകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നത് ;

(ബി) ഇവയിൽ ഏതെങ്കിലും പദ്ധതി പൂർത്തിയായിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതികൾക്കായി ഓരോ നഗരസഭയ്ക്കും എന്തുതുക വീതം അനുവദിച്ചിട്ടുണ്ട് ;

(ഡി) അതിൽ എന്ത് തുക വീതം ചെലവഴിച്ചു ;

(ഇ) അതുമൂലം എന്തൊക്കെ ഭൗതികനേട്ടം കൈവരിക്കാനായി എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

നഗരസഭകളിലെ തൊഴിലുറപ്പ് പദ്ധതി

1604 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭാ പ്രദേശങ്ങളിൽ തൊഴിലുറപ്പു പദ്ധതി നടപ്പിലാക്കുന്നകാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

## കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി</u>

1605 ശ്രീ. പി. റ്റി. എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ സംസ്ഥാനത്തെ നഗര പ്രദേശങ്ങൾക്കായി പ്രഖ്യാപിച്ച അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നഗര പ്രദേശങ്ങളിൽ എന്നുമുതൽ പ്രാബല്യത്തിൽ വരുത്തുവാനാണു ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിക്കായി എന്തു തുക നീക്കിവെച്ചിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതി ഏതൊക്കെ മേഖലയിൽ, എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നത്</u>

1606 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്തെ ഏതെങ്കിലും നഗരസഭകളിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം നഗര സഭകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എന്തു തുകയാണ് ചെലവഴിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാന ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയ തുക വിനിയോഗിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

നഗരസഭകളിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ പ്രോവിഡന്റ് ഫണ്ട് ക്ലോഷർ അപേക്ഷകൾ

1607

ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ പ്രോവിഡന്റ് ഫണ്ട് ക്ലോഷർ അപേക്ഷകളിൽ തീർപ്പുകല്പിക്കാൻ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് ഒഴിവാക്കുവാൻ നിർദ്ദേശം നൽകുമോ;

(സി) 1.4.2011 നു ശേഷം വിരമിച്ചവരുടെ പി.എഫ്. ക്ലോഷറിന്റെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) അവയിൽ എത്ര അപേക്ഷകളിൽ തീർപ്പുകല്പിച്ചിട്ടുണ്ട്;

(ഇ) ഇനി എത്ര അപേക്ഷകളിൽ തീർപ്പുകല്പിക്കാനുണ്ട്;

(എഫ്) പ്രസ്തുത അപേക്ഷകരുടെ പേരുവിവരം നൽകാമോ ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

നഗരസഭാകാര്യാലയത്തിൽ ആക്രമണം
നടത്തിയവർക്കെതിരെ നടപടി

1608 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരസഭാകാര്യാലയത്തിൽ അക്രമം നടത്തുകയും ഓഫീസ് കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള സാധന സാമഗ്രികൾ നശിപ്പിക്കുകയും അനവധി ജീവനക്കാരെ മർദ്ദിക്കുകയും ചെയ്ത സംഭവത്തിൽ ഒരു തൊഴിലാളി നേതാവിനെതിരെ സ്വീകരിച്ച വകുപ്പുതല നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത അക്രമത്തിലും നഗരസഭാ ഓഫീസിൽ ഇത്തരത്തിൽ ഇടയ്ക്കിയെ ഉണ്ടാകുന്ന അക്രമങ്ങളിലും പങ്കാളിയായ പ്രസ്തുത വ്യക്തിക്കെതിരെ മാതൃകാപരമായ ശിക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം കോർപ്പറേഷനിൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജെ.പി. എച്ച്.എൻ.മാർ</u>

1609 **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ മുൻസിപ്പൽ കോമൺ സർവ്വീസിലെ ജെ.പി.എച്ച്.എൻ. തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) തിരുവനന്തപുരം കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന മാതൃ-ശിശു കേന്ദ്രങ്ങളുടെ പേരും അവിടുത്തെ ചാർജുള്ള ജെ.പി.എച്ച്.എൻ.-ന്റെ പേരും ലഭ്യമാക്കാമോ;

(സി) തിരുവനന്തപുരം കോർപ്പറേഷന്റെ എത്ര വാർഡുകളിലാണ് കോർപ്പറേഷൻ ഹെൽത്ത് വിഭാഗം, ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നത്;

(ഡി) ഓരോ ജെ.പി.എച്ച്.എൻ.മാർക്കും എത്ര വാർഡുകളുടെ ചുമതല നൽകിയിട്ടുണ്ട് എന്ന് പട്ടിക സഹിതം വ്യക്തമാക്കാമോ;

(ഇ) മാതൃ-ശിശു കേന്ദ്രങ്ങളിൽ അല്ലാതെ ഓഫീസിൽ ജോലി ചെയ്യുന്ന ജെ.പി.എച്ച്.എൻ.മാർ എത്ര?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

നീലേശ്വരം നഗരസഭയിലെ ഒഴിവുകള്‍ നികത്താന്‍ നടപടി

1610 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നീലേശ്വരം നഗരസഭയില്‍ ആവശ്യത്തിന് ജീവനക്കാര്‍ ഇല്ലാത്തതിനാല്‍ നഗരസഭാ പ്രവര്‍ത്തനത്തിന് ബുദ്ധിമുട്ട് നേരിടുന്നു എന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഒഴിവുകള്‍ എന്നത്തേയ്ക്ക് നികത്താന്‍ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

**മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലെ നിയമനം**

1611

## ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് ലഭിക്കുന്ന പ്രൊമോഷനുകൾ എന്തെല്ലാം;

(ബി) ഒരേ പി.എസ്.സി. ലിസ്റ്റിൽ നിന്ന് ജോലിയിൽ പ്രവേശിക്കുന്ന ഹെൽത്ത് സർവ്വീസിലെ ജെ.പി. എച്ച്.എൻ. മാർക്ക് ലഭിക്കുന്ന പ്രൊമോഷൻ തസ്തികകൾ മുനിസിപ്പൽ കോമൺ സർവ്വീസിലും സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**11.02.2013-ലെ മറുപടിക്ക്**

<u>ചാലക്കുടി മുനിസിപ്പല്‍ ഡിസ്പെന്‍സറി എന്‍.ആര്‍.എച്ച്.എം. അറ്റന്‍ഡറുടെ ദിവസവേതനം</u>

1612

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ചാലക്കുടി മുനിസിപ്പല്‍ ഹോമിയോ ഡിസ്പെന്‍സറിയിലെ അറ്റന്‍ഡര്‍ ശ്രീമതി ഷില്‍ഗ സാബുവിന് എന്‍.ആര്‍.എച്ച്.എം. ദിവസ വേതനം ലഭിയ്ക്കുന്നതിനുള്ള അപേക്ഷയില്‍ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ഡ്രൈവറുടെ സ്ഥിരനിയമനം</u>

1613 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽ സി.എൽ.ആർ. ഡ്രൈവറായി 1997 മുതൽ ജോലി ചെയ്തുവരുന്ന ശ്രീ. കുമാരന് സ്ഥിരനിയമനം നൽകുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ;

(ബി) ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശം പരിഗണിച്ചും പി.എസ്.സി. വഴി ജോലി ലഭിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞതിനാലും ശ്രീ. കുമാരന് സ്ഥിരനിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയുടെ നൂറാം വാർഷികം

1614 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറാം വാർഷിക ആഘോഷത്തിന്റെ ഭാഗമായി ആറ്റിങ്ങൽ മുനിസിപ്പാലിറ്റി എന്തെല്ലാം വികസന പദ്ധതികളാണ് പുതുതായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട എന്തെല്ലാം ശുപാർശകളാണ് ആറ്റിങ്ങൽ മുനിസിപ്പാലിറ്റി നഗരകാര്യവകുപ്പിന് സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പരിഗണിക്കാമെന്ന് വകുപ്പ് ഉറപ്പ് നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ശുചിത്വവർഷം പ്രോജക്ട്

1615 ശ്രീ. സി. കെ. സദാശിവൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, സി. കൃഷ്ണൻ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുചിത്വ വർഷം പ്രോജക്ടിന്റെ ഭാഗമായി ആസൂത്രണം ചെയ്ത പദ്ധതികൾ വിശദമാക്കാമോ;

(ബി) പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നഗര-തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്ക്കരണത്തിനുള്ള സൗകര്യങ്ങൾ സാങ്കേതികമായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ;

(ഡി) എങ്കിൽ എത്ര നഗര-തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഇവ നടപ്പാക്കുകയുണ്ടായി?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>നിർമ്മൽ സ്റ്റേറ്റ് പദവി</u>

1616

## ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് നിർമ്മൽ സ്റ്റേറ്റ് പദവി ഈ വർഷം ഉറപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ; ലഭിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ബി) ആധുനിക ഖരമാലിന്യ നിർമ്മാർജ്ജന ഉപാധികൾ സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും സ്ഥാപിക്കുന്നതാണെന്ന പ്രഖ്യാപനം എത്ര നഗരങ്ങളിൽ നടപ്പിലാക്കുകയുണ്ടായി;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

മാലിന്യ സംസ്കരണവും ഇ–മാലിന്യ നയവും

1617 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഓരോ സ്ഥാപനവും നിർവ്വഹിക്കേണ്ട ഉത്തരവാദിത്തങ്ങൾ നിയമംമൂലം കർശനമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇലക്ട്രോണിക് പാഴ്വസ്തുക്കൾ, ഫ്ളക്സ് പ്രിന്ററുകളിലും ഫോട്ടോ സ്റ്റാറ്റ് മെഷീനുകളിലും ഉപയോഗിക്കുന്ന മാരകവിഷങ്ങളടങ്ങിയ മഷികൾ, ടോണറുകൾ എന്നിവയും അതത് സ്ഥാപനങ്ങൾതന്നെ സംസ്ക്കരിക്കുന്നതിന് ഉതകുന്ന ഇ–മാലിന്യ നയം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>റെയിൽവേ പ്ലാറ്റ് ഫോം നിർമ്മാണത്തിലൂടെയുള്ള നഗര ഖരമാലിന്യ സംസ്ക്കരണം</u>

1618 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരമാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി റെയിൽവേ പ്ലാറ്റ് ഫോം നിർമ്മിക്കുന്നതിന് ഖരമാലിന്യം ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പാക്കിയിരുന്നോ ;

(ബി) എങ്കിൽ ഇതിനുപയോഗിച്ച സാങ്കേതികവിദ്യ എന്തായിരുന്നു; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതൊക്കെ പ്ലാറ്റ് ഫോമിന്റെ നിർമ്മാണം ഇപ്രകാരം നടത്തി ; കൂടുതൽ നിർമ്മാണം ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത പദ്ധതിയ്ക്ക് നഗരസഭയുടെ പൂർണ്ണ സഹകരണമുണ്ടായോ ;

(ഇ) പ്രസ്തുത പദ്ധതിയിൽ ജനങ്ങളുടെ എതിർപ്പുണ്ടായിട്ടുണ്ടോ ;

(എഫ്) എങ്കിൽ, അതിനുള്ള കാരണവും എതിർപ്പില്ലാതാക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ ഖരമാലിന്യങ്ങളുടെ ഫലപ്രദമായ നിർമ്മാർജ്ജനം</u>

1619

ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ഖരമാലിന്യങ്ങളുടെ ഫലപ്രദമായ നിർമ്മാർജ്ജനത്തിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ലാതെ, സംസ്ഥാനത്തെ മുഴുവൻ മാലിന്യങ്ങളും സംസ്കരിക്കാൻ ഏതെങ്കിലും ഏജൻസി സന്നദ്ധത അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഏജൻസി മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) 2013-14 സാമ്പത്തിക വർഷം, സംസ്ഥാനത്തെ മാലിന്യ സംസ്ക്കരണം മുൻനിർത്തി വിഭാവനം ചെയ്തിട്ടുള്ള കർമ്മ പദ്ധതികൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>മാലിന്യ സംസ്ക്കരണത്തിനായുള്ള സബ്സിഡികള്‍</u>

1620 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാലിന്യ സംസ്ക്കരണത്തിന് 'പൈപ്പ് കമ്പോസ്റ്റ്' 'വെര്‍മികമ്പോസ്റ്റ്' 'ബയോഗ്യാസ്പ്ലാന്റ്' എന്നിവ നിര്‍മ്മിക്കുന്നതിന് നടപ്പു സാമ്പത്തിക വര്‍ഷത്തില്‍ സബ്സിഡിയായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) എത്ര വീടുകളിലാണ് ഇവ സ്ഥാപിച്ചിട്ടുളളത്;

(സി) ഓരോന്നിനും എത്ര തുകയാണ് സബ്സിഡിയായി അനുവദിക്കുന്നതെന്ന്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>മാലിന്യസംസ്ക്കരണ പ്ലാന്റുകൾ</u>

1621 ശ്രീ. വി. റ്റി. ബൽറാം
,, കെ. അച്ചുതൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്ലാന്റുകളുടെ സവിശേഷതകൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്ലാന്റുകളുടെ പ്രവർത്തനം സംബന്ധിച്ച ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) പ്രസ്തുത പ്ലാന്റുകളിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

നവീനരീതിയിലുള്ള മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ

1622 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവീനരീതിയിലുള്ള മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ എവിടെയെല്ലാം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇവയ്ക്ക് ഉപയോഗപ്പെടുത്തുന്ന സാങ്കേതികവിദ്യ വിശദമാക്കുമോ;

(സി) ഇവയുടെ നിർമ്മാണം ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ഡി) പ്രധാന മുനിസിപ്പാലിറ്റികളിലെല്ലാം ആധുനിക പ്ലാന്റുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>മാലിന്യസംസ്ക്കരണ കമ്പനി</u>

1623 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആര്‍. സെല്‍വരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മാലിന്യസംസ്ക്കരണ കമ്പനി രൂപീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ബി) എങ്കില്‍, കമ്പനിയുടെ ഷെയറുകള്‍ സംബന്ധിച്ച് വിശദാംശങ്ങള്‍ നല്‍കുമോ;

(സി) കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്; വിശദാംശങ്ങള്‍ നല്‍കുമോ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങള്‍ക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്തുവാന്‍ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>ആധുനിക സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്</u>

1624 ഡോ. കെ.ടി.ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012–13 ല്‍ ശുചിത്വ മിഷന്‍ എത്ര ആധുനിക സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; എന്തു തുക ഇതിലേക്കായി നീക്കി വച്ചു; വ്യക്തമാക്കുമോ;

(ബി) ഇതിന്‍ പ്രകാരം പ്രസ്തുത പ്ലാന്റ് എവിടെയൊക്കെ സ്ഥാപിച്ചുവെന്നറിയിക്കാമോ;

(സി) ഇതിനായി എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>പൊതുസ്ഥലങ്ങളിൽ ഇ–ടോയ്‌ലെറ്റ്</u>

1625 ഡോ. കെ. റ്റി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 –2013ൽ ശുചിത്വമിഷൻ പൊതുസ്ഥലങ്ങളിൽ എത്ര ഇ–ടോയ്‌ലെറ്റ് സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത് ;

(ബി) എന്ത് തുക ഇതിന് വകയിരുത്തിയിട്ടുണ്ട് ;

(സി) എത്ര ഇ–ടോയ്‌ലെറ്റ് സ്ഥാപിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) ഇതിനായി എത്ര തുക ചിലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>തിരുവനന്തപുരം കേർപ്പറേഷനിലെ എൻ.ആർ.എച്ച്.എം.
വാർഡ്തല ശുചീകരണ ഫണ്ട്</u>

1626 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ എൻ.ആർ.എച്ച്.എം മുഖേന നൽകുന്ന വാർഡ്തല ശുചീകരണ ഫണ്ടിന്റെ വിനിയോഗ വിവരം ലഭ്യമാക്കുമോ;

(ബി) എത്ര തുകയാണ് ഓരോ വാർഡിനും ലഭിക്കുന്നത്;

(സി) പ്രസ്തുത ഫണ്ട് കൈകാര്യം ചെയ്യുന്നവരുടെ പേരുവിവരം വാർഡ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ഡി) ഫീൽഡ് സ്റ്റാഫിനല്ലാതെ മറ്റാർക്കെങ്കിലും പ്രസ്തുത ഫണ്ടിന്റെ വിനിയോഗ ചുമതല നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ ആ ചുമതല ഫീൽഡ് സ്റ്റാഫിനു മാത്രം നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) കൃത്യമായി ഫണ്ട് വിനിയോഗിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

തലസ്ഥാനത്തെ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ്

1627 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>തലസ്ഥാനത്തെ മൊബൈൽ മാലിന്യസംസ്കരണ പ്ലാന്റ്</u>

1628

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ മാലിന്യം സംസ്ക്കരിക്കുന്നതിനായി കൊണ്ടുവന്ന മൊബൈൽ മാലിന്യസംസ്കരണ പ്ലാന്റ് എവിടെയൊക്കെയാണ് മാലിന്യസംസ്ക്കരണം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്ലാന്റ് വഴി ഇതുവരെ എത്ര ടൺ മാലിന്യം സംസ്ക്കരിച്ചു എന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത മൊബൈൽ പ്ലാന്റിന് നൽകിയ വില വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പ്ലാന്റുമായി ബന്ധപ്പെട്ട് കരാർ ആരുമായാണ് ഏർപ്പെട്ടിരുന്നത്; വ്യക്തമാക്കുമോ; ഇതിന്റെ സാങ്കേതികമേന്മ വിലയിരുത്തിയത് ആരാണെന്ന് വ്യക്തമാക്കുമോ;

(ഇ) മാലിന്യസംസ്ക്കരണത്തിനായി കൂടുതൽ പ്ലാന്റുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>മൊബൈൽ ഇൻസിനറേറ്റർ ഇറക്കുമതിയിലെ ദുരൂഹത</u>

1629 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തിന്റെ മാലിന്യ സംസ്ക്കരണത്തിനായി ഇറക്കുമതി ചെയ്ത മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തനക്ഷമതയില്ലാതെ ഉപേക്ഷിക്കപ്പെട്ട നിലയിലായിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരങ്ങളിൽ ഉപയോഗയോഗ്യമാക്കുവാൻ കഴിയാത്ത ഇത്തരം യന്ത്രങ്ങൾ വാങ്ങിയതു സംബന്ധിച്ചുള്ള ഇടപാടുകൾ അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ, പ്രസ്തുത ഇടപാടുമായി ബന്ധപ്പെട്ടുള്ള വിഷയത്തിന്മേൽ അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>മൊബൈൽ ടവറുകൾ ഉയർത്തുന്ന</u>
<u>ആരോഗ്യ–പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം</u>

1630 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൊബൈൽടവറുകൾ ഉയർത്തുന്ന കാൻസർ, വന്ധ്യത, മസ്തിഷ്ക രോഗങ്ങൾ എന്നിവയുൾപ്പെടെ ആരോഗ്യ–പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുവാൻ ഓംബുഡ്സ്മാൻ നിർദ്ദേശം നൽകിയിരുന്നോ;

(ബി) എങ്കിൽ അത്തരം വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) കേരള മുനിസിപ്പൽ ബിൽഡിംഗ് ചട്ടവും കേന്ദ്രപരിസ്ഥിതി വകുപ്പിന്റെ നിബന്ധനകളും പാലിക്കാതെ ടവറുകൾ സ്ഥാപിക്കാൻ അനുമതി നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>നിയമലംഘനം നടത്തുന്ന മൊബൈൽ ടവർ കമ്പനികൾക്കെതിരെയുള്ള നടപടി</u>

1631 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ടവറുകൾ നികുതിയിനത്തിൽ നഗരസഭകൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) യഥാസമയം നികുതി നൽകാത്തതുമൂലം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് സംസ്ഥാനത്തിന് നഷ്ടമുണ്ടായതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും നികുതി വെട്ടിപ്പും നിയമലംഘനവും നടത്തുകയും ചെയ്യുന്ന പ്രസ്തുത മൊബൈൽ കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>തെരുവ് നായ്ക്കളുടെ വർദ്ധന</u>

1632 ശ്രീ. അബ്ദുൾറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളുടെ വർദ്ധനമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇവയെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തെരുവ് നായ്ക്കളുടെ ആക്രമണം മൂലം എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും, പേവിഷബാധയേറ്റിട്ടുണ്ടെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

ദേശീയ ചേരി വികസന പദ്ധതിയുടെ പ്രവർത്തനം

1633 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നടന്നു വരുന്ന ദേശീയ ചേരി വികസന പദ്ധതിയുടെ (എൻ.എസ്.ഡി.പി) പ്രവർത്തനം കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചേരി വികസന പദ്ധതിയ്ക്കായി എന്തു തുക നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇതിനകം എന്തു തുക ചിലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണ നയത്തിൽ സമഗ്രമായ മാറ്റം</u>

1634 ശ്രീ. സി. മമ്മൂട്ടി
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കെട്ടിടനിർമ്മാണ നയത്തിൽ സമഗ്രമായ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് ഇതുസംബന്ധിച്ച് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; ഇതു മൂലം പ്രതീക്ഷിക്കുന്ന പ്രയോജനങ്ങൾ വ്യക്തമാക്കുമോ;

(സി) കെട്ടിടങ്ങളുടെ വിസ്തീർണ്ണാനുപാതത്തിൽ മാറ്റം വരുത്താനുള്ള നിർദ്ദേശമുണ്ടോ; വിശദമാക്കുമോ;

(ഡി) ബഹുനിലമന്ദിരങ്ങളുടെ നിർവ്വചനത്തിൽ മാറ്റം വരുത്തുന്നത് പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>നഗരങ്ങളിലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ</u>

1635 ശ്രീ. ഹൈബി ഈഡൻ
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഉദാരമാക്കിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ നഗരങ്ങളിലെ ഫ്ളാറ്റ് നിർമ്മാണം പ്രോൽസാഹിപ്പിക്കുന്നതിന് ഇത് എങ്ങനെ സഹായകരമാകുമെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>നഗരങ്ങളിലെ ബഹുനിലകെട്ടിട നിർമ്മാണം</u>

1636 ശ്രീ. വർക്കല കഹാർ
,, പി.എ. മാധവൻ
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ബഹുനില കെട്ടിടം നിർമ്മിക്കുമ്പോൾ അവയുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇവ കൃത്യമായി പാലിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ഫ്ളാറ്റുകളിലെ ഫയർ സേഫ്റ്റി സംവിധാനം</u>

1637 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലുള്ള ഫ്ളാറ്റുകളിലെ ഫയർസേഫ്റ്റി സംവിധാനം പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഇതിനായി വിജിലൻസ് ടീമിനെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

## കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

നഗരകാര്യ വികസനപദ്ധതികൾക്കുള്ള നടപടികൾ

1638 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗര വികസന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കോർപ്പറേഷനുകളുടേയും നഗരസഭകളുടേയും വികസന പ്രവർത്തനങ്ങൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതനുസരിച്ച് കേർപ്പറേഷനുകളും നഗരസഭകളും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>ടൗണുകളുടെ സമഗ്രവികസനം</u>

1639 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ടൗണുകളുടെ സമഗ്ര വികസനത്തിന് രൂപരേഖ തയ്യാറാക്കുന്നതിനായി 2012–13 ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു;

(ബി) ഏതെല്ലാം ടൗണുകളുടെ വികസനത്തിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ;

(സി) പ്രസ്തുത രൂപരേഖ തയ്യാറാക്കുന്നതിനുള്ള ചുമതല ആർക്കാണ് നൽകിയത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

ചെറുകിട ഇടത്തരം നഗരങ്ങളുടെ സംയോജിത വികസന പരിപാടി

1640 ശ്രീ. എ. എം.ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നടന്നുവരുന്ന ചെറുകിട ഇടത്തരം നഗരങ്ങളുടെ സംയോജിത വികസന പരിപാടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും എത്ര തുക ഇതിനായി അനുവദിച്ചിട്ടുണ്ട്;

(സി) ഈ തുകയിൽ നിന്നും ഏതെല്ലാം പട്ടണങ്ങളിലായി എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

തിരുവനന്തപുരം നഗരസഭയുടെ കരട് മാസ്റ്റര്‍ പ്ലാന്‍

1641 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ കരട് മാസ്റ്റര്‍ പ്ലാന്‍ പ്രസിദ്ധീകരിച്ചോ; എങ്കില്‍ ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) കരട് മാസ്റ്റര്‍ പ്ലാനിന് തിരുവനന്തപുരം നഗരസഭാ കൗണ്‍സില്‍ അംഗീകാരം നല്‍കിയോ;

(സി) എങ്കില്‍ ഇതനുസരിച്ചുളള തുടര്‍ നടപടികള്‍ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മാസ്റ്റര്‍ പ്ലാന്‍ അന്തിമമായി പുറത്തിറക്കാനുളള പ്രധാന തടസ്സം വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത മാസ്റ്റര്‍ പ്ലാന്‍ എന്നത്തേയ്ക്ക് പുറത്തിറക്കുമെന്ന് വ്യക്തമാക്കാമോ;

(എഫ്) റിവൈസ്ഡ് മാസ്റ്റര്‍ പ്ലാന്‍ അനുസരിച്ചുളള സ്കീമുകള്‍ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ജി) പ്രസ്തുത പ്ലാന്‍ അനുസരിച്ച് പൊതു ജനങ്ങള്‍ക്ക് വീടുവയ്ക്കുന്നതിനുളള അനുമതി നല്‍കി തുടങ്ങിയോ;

(എച്ച്) ഇല്ലെങ്കില്‍ എന്നത്തേക്ക് അനുമതി നല്‍കിത്തുടങ്ങും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരണം</u>

1642 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' പാലോട് രവി
'' വി. ഡി. സതീശൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമവകുപ്പ് രൂപവത്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ന്യുനപക്ഷ സമൂഹവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത വകുപ്പിന്റെ കീഴിൽ സംസ്ഥാന ജില്ലാതല ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമപ്രവര്‍ത്തനങ്ങള്‍</u>

1643 **ശ്രീ. കെ. രാധാകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ന്യൂനപക്ഷക്ഷേമത്തിനായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(ബി) ന്യൂനപക്ഷ സമുദായങ്ങളില്‍പ്പെട്ട ഓരോ വിഭാഗത്തിനും ക്ഷേമപ്രവര്‍ത്തനങ്ങള്‍, വിദ്യാഭ്യാസ ആനുകൂല്യങ്ങള്‍, മറ്റിതര വികസന പ്രവര്‍ത്തനങ്ങള്‍ എന്നിവയ്ക്കുവേണ്ടി ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ പദ്ധതികളുടെ ബോധവത്ക്കരണ നടപടികൾ</u>

1644 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിലുള്ള ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ പ്രയോജനം താഴേത്തട്ടിൽവരെ എത്തിക്കുന്നതിനും, അവയുടെ ഗുണഭോക്താക്കളെ ബോധവത്ക്കരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇവർക്കായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്;

(സി) കൂടുതൽ പദ്ധതികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിഭാഗങ്ങളിലെ വനിതകളുടെ ശാക്തീകരണത്തിനായുള്ള പദ്ധതികൾ</u>

1645 ശ്രീ. കെ.എം.ഷാജി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങളിലെ വനിതകളുടെ ശാക്തീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി നടപ്പു വർഷം എന്തു തുക നീക്കി വെച്ചിട്ടുണ്ട്;

(സി) കൂടുതൽ തുക വകയിരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വനിതാ സ്വയംസഹായസംഘം</u>

1646 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വനിതകൾക്കായി സ്വയംസഹായ സംഘം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത സംഘം വഴി ധനസഹായം ലഭിക്കുന്നത് ആർക്കെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്</u>

1647 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും ലഭിക്കേണ്ട പ്രത്യേക ആനുകൂല്യത്തിനായി നൽകേണ്ട ന്യൂനപക്ഷമെന്ന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതുമൂലം അർഹരായവർക്ക് ആനുകൂല്യം ലഭിക്കാതായിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>ബ്ലോക്കടിസ്ഥാനത്തിൽ എം.എസ്.ഡി.പി യുടെ നടത്തിപ്പ്</u>

1648 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമപദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും വിഹിതം വർദ്ധിപ്പിച്ചുകിട്ടുന്നതിനമായി മന്ത്രി തലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വയനാട് ജില്ലയിൽ നടപ്പാക്കുന്ന കേന്ദ്ര പദ്ധതിയായ എം.എസ്.ഡി.പി.യുടെ നടത്തിപ്പ് ബ്ലോക്കടിസ്ഥാനത്തിലാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അനുകൂല തീരുമാനം ഉണ്ടായിട്ടുണ്ടോ;

(സി) ബ്ലോക്കടിസ്ഥാനത്തിൽ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന നേട്ടങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>ന്യനപക്ഷക്ഷേമ വകുപ്പിൽ ജില്ലാതല ഓഫീസർ</u>

1649 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിൽ ജില്ലാതല ഓഫീസർമാരെ നിയമിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ജില്ലാതല ഓഫീസർമാരെ നിയമിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ കോ-ഓർഡിനേറ്റർമാരുടെ നിയമനം</u>

1650 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ കോ-ഓർഡിനേറ്റർമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ന്യൂനപക്ഷ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ;

(ഡി) എങ്കിൽ എത്ര പേരെ, എവിടെയൊക്കെയാണ് നിയമിക്കുന്നത് എന്ന് വിശദമാക്കാമോ ;

(ഇ) ന്യൂനപക്ഷ കോ-ഓർഡിനേറ്റർമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ സെല്ലിലെ കോ-ഓർഡിനേറ്റർമാരുടെ നിയമനം</u>

1651 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ സെല്ലിൽ എത്ര കോ-ഓർഡിനേറ്റർമാരെയാണ് നിയമിക്കുന്നത്;

(ബി) ഇവരുടെ യോഗ്യതകൾ വിശദമാക്കുമോ;

(സി) പ്രസ്തുത കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിന് ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം തീയതികളിലാണ് യോഗ്യതാ പരീക്ഷകൾ നടത്തിയത്;

(ഡി) ഓരോ ജില്ലയിലും എത്ര അപേക്ഷകർ ഉണ്ടായിരുന്നു;

(ഇ) ഇവരിൽ എത്രപേർക്ക് സെലക്ഷൻ നൽകി;

(എഫ്) ന്യൂനപക്ഷ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്ന ഇന്റർവ്യൂ ബോർഡിന്റെ ഘടന എപ്രകാരമാണ്;

(ജി) ഏതെല്ലാം വകുപ്പിന്റെ പ്രതിനിധികൾ പ്രസ്തുത ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരുന്നു; വ്യക്തമാക്കുമോ;

(എച്ച്) ഓരോ ജില്ലയിലും എത്രപേർക്ക് വീതം നിയമനം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഐ) പ്രസ്തുത നിയമനം ലഭിച്ചവരുടെ മേൽവിലാസം പ്രസിദ്ധീകരിക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>കേരള മദ്രസ അദ്ധ്യാപകക്ഷേമനിധി പെൻഷൻ പദ്ധതിയുടെ പരസ്യം</u>

1652 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 നവംബർ 3-ന് കേരള മദ്രസ അദ്ധ്യാപകക്ഷേമനിധി പെൻഷൻ പദ്ധതിയുടെ സംസ്ഥാനതല അംഗത്വവിതരണപ്രചരണോദ്ഘാടനം എന്ന പേരിൽ ന്യൂനപക്ഷക്ഷേമവകുപ്പ് പി.ആർ.ഡി. മുഖേന മാധ്യമങ്ങൾക്കു നൽകിയ പരസ്യത്തിൽ പാക്കിസ്ഥാനിലെ ഒരു വിവാദമദ്രസയുടെ ചിത്രം നൽകിയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് എങ്ങനെ സംഭവിച്ചുവെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുതവിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ; വിശദമാക്കുമോ?